PROCEEDINGS OF THE KERALA LEGISLATIVE ASSEMBLY

Second Session—1969

Second Meeting

Tuesday, the 30th September 1969.

VOL. XXV] OFFICIAL REPORT [No. 14

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Tuesday, the 30th September 1969, with Mr. Speaker in the Chair.

1. QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the Session.)

(i) Oral Answers

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ചോദ്യം 687.

ടിക്കറ്റു വില്പനയിൽ കൃത്രിമം

* 187. [687] ശ്രീ. എ. കെ. അപ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതമന്ത്രി സഭയെ മറുപടി നൽകുമോ :

(എ). ടിക്കറ്റു വില്പനയിൽ കൃത്രിമം കാണിച്ചതിനു കേരള സ്റ്റേറ്റു് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ കീഴിലുള്ള വല്ല ഉദ്യോഗസ്ഥന്മാരുടെ പേരിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ ?

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചി ബാവ) :

(എ) ഉണ്ടു്.

(ബി) ടിക്കറ്റു വില്പനയിൽ കൃത്രിമം കാണിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ പേരിൽ സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികളും എടുത്തിട്ടുണ്ടു്.

ശ്രീ. എ. കെ. അപ്പു : കള്ളടിക്കറ്റു വിറ്റതിൽ കാർബൺ കോപ്പിയിലും മറ്റും കൃത്രിമം കാണിച്ചിട്ടുണ്ടെന്നു് പറയുകയുണ്ടായി. അതെന്താണെന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : കാർബൺ കോപ്പിയിൽ ടിക്കറ്റു എഴുതി കൊടുക്കുമ്പോൾ അതിന്റെ ഒറിജിനലിൽ ശരിയായ സംഖ്യയും സ്ഥലവും കാണിക്കുകയില്ല. ഉദാഹരണത്തിനു് പത്തു് രൂപയുടെ ടിക്കറ്റു് കൊടുക്കണമെന്നുണ്ടെങ്കിൽ

കാർബൺ കോപ്പിയിൽ അതതുയും എഴുതിയിട്ട അതിന്റെ ഒറിജിനലിൽ സംഖ്യ ത്തിന്റെ ദൂരവും സംഖ്യയും ചുരുക്കിയെഴുതും. ഇങ്ങനെയുള്ള കാരണങ്ങളാണ് കൂട്ടലും കാണിച്ചിട്ടുള്ളതു്.

ശ്രീ. എ. കെ. അപ്പു : മദ്രാസു് സ്റ്റേറിലാണെങ്കിൽ അച്ചടിച്ച ടിക്കറ്റു മാത്രമേ കൊടുക്കാൻ പാടുള്ളുവെന്നു് നിർബന്ധിച്ചിട്ടുണ്ടു്. അവിടെയുള്ളതുപോലെയുള്ള സംപ്രദായം നമ്മുടെ സ്റ്റേറിലും സ്വീകരിക്കുകയാണെങ്കിൽ ഈ മാതിരി കൃത്രിമ ങ്ങളും കാണിക്കുന്നതു് ഇല്ലാതാക്കാൻ സാധിക്കുമെന്നു് അറിയാമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : അക്കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുള്ളതാണു്. അതിലും എന്തു് കൃത്രിമമാണു് കാണിക്കുന്നതെന്നു് അറിഞ്ഞു കൂടാ.

ശ്രീ. പി. രവീന്ദ്രൻ : ഇതിൽ എത്രപേരുടെ പേരിൽ നടപടികളെടുത്തിട്ടു ണ്ടെന്നു് പറയാമോ ?

ശ്രീ. ഇ കെ. ഇമ്പിച്ചിബാവ : മുപ്പത്തിയൊന്നു് പേരുടെ പേരിൽ നടപടിക ളെടുത്തിട്ടുണ്ടു്. ഇതിൽ കൂടുതലും പത്തും പതിനഞ്ചും പൈസയുടെ പേരിൽ കൃത്രിമം കാണിച്ചിട്ടുള്ളവരാണു്. ഏഴുപേർ വളരെ ഗൗരവതരമായ കാര്യം ചെയ്തിട്ടുണ്ടു്.

ശ്രീ. എം. കൃഷ്ണൻ : ഗൗരവതരമായ കുറ്റം ചെയ്തിട്ടുള്ളവരെ പോലീസിൽ ഏൽപ്പിക്കാത്തതെന്തുകൊണ്ടാണു് ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ ; പ്രാഥമികമായ അന്വേഷണം നടത്തിയിട്ടു് അതിൽ കുറ്റക്കാരാരാണെന്നു് പെട്ടാൽ അവരുടെ പേരിൽ എന്തു നടപടികളും എടുക്കണമെന്നുള്ളതിനെപ്പറ്റി ആലോചിക്കാവുന്നതാണു്.

ശ്രീ. ജോസഫു് ചാഴിക്കാടൻ : കൃത്രിമം കാണിച്ചതിന്റെ ഫലമായി എന്തു മാത്രം തുക നഷ്ടപ്പെട്ടിട്ടുണ്ടെന്നുള്ളതിനു് വല്ല ഊഹവും കിട്ടിയിട്ടുണ്ടോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : അതിനുത്തരം പെട്ടെന്നു് പറയാൻ നിവൃത്തി യില്ല. കണക്കെടുക്കാൻ പറഞ്ഞിട്ടുണ്ടു്.

ശ്രീ. കെ. കരുണാകരൻ : പത്തും പതിനഞ്ചും പൈസയുടെ കുറവു് കാർബൺ കോപ്പിയിലുള്ള ടിക്കറ്റു കൊടുക്കുമ്പോഴും മാത്രമേ വരുന്നുള്ളോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : എല്ലാം അങ്ങനെയല്ല. ടിക്കറ്റു കൊടുക്ക മ്പോഴും അതു് എഴുതിപ്പടുന്നതിനു് വേറെ കടലാസു് ഉണ്ടു്. അതിലെഴുതുമ്പോഴും മാറിമറിയുകയുമാവുന്നതാണു്.

ശ്രീ. ടി. എ. മജീദു് : ആദ്യമായി കൃത്രിമം കണ്ടുപിടിച്ചതു് എന്നാണെന്നു് പറയാമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : 1-1-1969-നും 29-1-1969-നും ഇടയ്ക്കാണു് 117 പേർ കൃത്രിമം കാണിച്ചതായി കണ്ടുപിടിച്ചതു്.

ശ്രീ. കെ. എം. ജോർജ്ജു് : ഇപ്രകാരം കൃത്രിമം കാണിച്ചിട്ടുള്ളതിൽ പുതിയ തായി റിക്കൂട്ടു് ചെയ്തിട്ടുള്ളവരുടെ പേരിൽ എത്ര കേസുണ്ടെന്നും പുതിയതായി റിക്കൂട്ടു് ചെയ്തിട്ടുള്ളവരിൽ പലർക്കും ടിക്കറ്റു കൊടുക്കുന്നതിൽ പരിചയമില്ലാത്തതു കൊണ്ടാണു് ഇങ്ങനെ വന്നിട്ടുള്ളതെന്നും അറിയുന്നതു് ശരിയാണോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : പുതിയതായി റിക്രൂട്ടു് ചെയ്തിട്ടുള്ള ആരുടെ പേരിലും കേസുണ്ടായിട്ടില്ല. പരിചയക്കുറവുകൊണ്ടു ആർക്കും തെറ്റു പറ്റിയിട്ടില്ല. പിടിച്ചിട്ടുള്ള കേസുകളിലെല്ലാം തന്നെ പഴയ ധാതാക്കൾ തന്നെയാണു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള . ടിക്കറ്റു വിൽപനയിൽ കൃത്രിമം കാണിക്കുന്നതാണോ, അതോ യാത്രക്കാരാട് അപമര്യാദയായി പെരുമാറുന്നതാണോ ഇതിലേതാണ് കൂടുതൽ കൂടുതൽ കുറവായിട്ട് കണക്കാക്കുന്നതെന്നു പറയാമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : തെറ്റു ഏതായാലും തെറ്റു തന്നെയാണു്. അതിൽ കൂടുതലും കുറവുമൊന്നുമില്ല.

ശ്രീ. എൻ. കെ. ശേഷൻ : ഈവക കേസുകളെ സംബന്ധിച്ചു് അന്വേഷണം നടത്താനും നടപടികളും എടുക്കാനും കെ. എസു്. ആർ. റ്റി.യുടെ കീഴിൽ വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : കെ. എസു്. ആർ. റ്റി. സി.യുടെ കീഴിൽ ഇതിനുവേണ്ടി ഒരു സെക്യൂരിറ്റി ഓഫീസും അതുപോലെ തന്നെ ജനറൽ മാനേജരെയും, ജനറൽ മാനേജരുടെ കീഴിൽ വേണ്ടത്ര ഉദ്യോഗസ്ഥന്മാരെയുമെല്ലാം നിയമിച്ചിട്ടുണ്ടു്. അതുകൊണ്ടാണു് മുൻകാലങ്ങളിൽ കണ്ടുപിടിക്കാത്ത കുറെങ്ങളും ഇപ്പോൾ കണ്ടുപിടിക്കുന്നതു്.

ശ്രീ. എം. രാമുണ്ണി : ടിക്കറ്റു വിൽപ്പനയിലല്ലാതെ ആപ്ലിക്കേഷൻ ഫോമിൽ വല്ല കൃത്രിമവും കാണിക്കുന്നതായി കണ്ടുപിടിച്ചിട്ടുണ്ടോ ?

ശ്രീ. ഇ കെ. ഇമ്പിച്ചിബാവ : അതടക്കമുള്ള കുറെങ്ങളെപ്പറ്റിയാണു് ഞാനിവിടെ പറഞ്ഞതു്, ആപ്ലിക്കേഷൻ ഫാറം ഹരിജനങ്ങൾക്കു വിൽക്കുമ്പോൾ ചില കൺസെഷൻസെല്ലാം ഏർപ്പെടുത്തിയിട്ടുണ്ടു്, അവക്കു് രണ്ടു രൂപ അൻപതു് പൈസ അടച്ചാൽ മതി. എന്നാൽ മാറുള്ളവക്കു് പത്തു് രൂപ അടയ്ക്കണം. അതുകൊണ്ടു് അതിലും കൃത്രിമം ഉണ്ടാകുന്നതായി കാണുന്നു.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : കൃത്രിമം കാണിച്ചതിൽ പിടിച്ചിട്ടുള്ളവരുടെ പേരു് മേശപ്പുറത്തു വെയ്ക്കാമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : പേരു് ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. എം. രാമുണ്ണി . ആപ്ലിക്കേഷൻ ഫോറം കൊടുക്കുമ്പോൾ കൃത്രിമം കാണിക്കുന്നതു് മേലാലെങ്കിലും വരാതിരിക്കുന്നതിനു് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഓരോ ആപ്ലിക്കേഷൻ ഫോമിലും അതു് കൊടുക്കുന്ന ആളിന്റെ പേരും ജാതിയും എല്ലാം എഴുതണമെന്നുണ്ടു്. ഉദാഹരണത്തിനു് കുഞ്ഞിരാമൻ നായർ എന്നാണു് പേരെങ്കിൽ പണമടയ്ക്കുമ്പോൾ കൗണ്ടറിലും മറും കുഞ്ഞിരാമൻ എന്നുമാത്രം എഴുതും. ഇനിമേൽ അങ്ങനെ വരാതിരിക്കുന്നതിനു വേണ്ടി അപ്പോഴപ്പോൾതന്നെ സ്ക്രൂട്ടനൈസു് ചെയ്യുന്നതിനാവശ്യമായ ഡയറക്ഷൻ കൊടുത്തിട്ടുണ്ടു്.

ശ്രീ. കെ. എം. മാണി : 117 പേരുടെ പേരിൽ കുറ്റം കണ്ടു പിടിച്ചതിൽ നിന്നും സംഘടിതമായും കൂട്ടായിട്ടാണു് കൃത്രിമം കാണിക്കുന്നതെന്നു് തോന്നുന്നു. കുറ്റം കണ്ടു പിടിച്ചിട്ടുള്ളവരുടെ കൂട്ടത്തിൽ ലോവർ ഗ്രേഡു ജീവനക്കാർ മാത്രമേയുള്ളോ ? അതോ ഓഫീസറന്മാരും ഉൾപ്പെട്ടിട്ടുണ്ടോ ? ഈ കൃത്രിമം കാണിച്ചതിന്റെ പുറകിൽ ഏതെങ്കിലും ശക്തികൾ പ്രവർത്തിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഇതിൽ സംഘടിതമായോ കൂട്ടായിട്ടോ ഉള്ള പ്രവർത്തനങ്ങളൊന്നുംതന്നെയില്ല. അതുപോലെ തന്നെ ഇതിൽ യാതൊരു വിധത്തിലുള്ള ഗൂഢാലോചനയുമില്ലായിരുന്നു പിന്നെ മാന്യാംഗങ്ങൾ സൂചിപ്പിച്ചപ്പോൾ അതന്വേഷിക്കാം

ശ്രീ. വി. കുട്ടിക്കൃഷ്ണൻ നായർ : ഏതെല്ലാം സ്റ്റേഷനിലാണ് കൃത്രിമം കാണിച്ചിട്ടുള്ളതായി കണ്ടുപിടിച്ചിട്ടുള്ളതെന്നറിയാമോ ?

ശ്രീ. ഇ കെ. ഇമ്പിച്ചിബാവ : തിരുവനന്തപുരം, കോഴിക്കോട് ഇങ്ങനെ പല സ്റ്റേഷനുകളും ഉൾപ്പെട്ടം.

ശ്രീ ഇ ചന്ദ്രശേഖരൻ നായർ : 1-1-1969 മുതൽ 29-1-1969 വരെ 117 പേർ കൃത്രിമം കാണിച്ചിട്ടുള്ളതായി കണ്ടുപിടിച്ചുവെന്നു പറഞ്ഞു. ഈ കാലയളവിനുള്ളിൽ ഇവരുടെ പേരിൽ പ്രിലിമിനറിയായിട്ടുള്ള അന്വേഷണം നടത്തിയിട്ട് ആരുടെയെങ്കിലും പേരിൽ ക്രിമിനൽ കേസോ അതുപോലെയുള്ള നടപടികളോ എടുത്തിട്ടുണ്ടോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഇതിൽ ഒന്നരണ്ടു പേരുടെ പേരിലുള്ള കേസുകൾ പോലീസ് അന്വേഷണം നടത്തുന്നതിനുവേണ്ടി വിട്ടിട്ടുണ്ട്. അതും യൂണിയന്റേയും മറ്റും അഭിപ്രായത്തിൽ പോലീസിനു വിടണമോ അതോ ഡിപ്പാർട്ടുമെന്റുതന്നെ അന്വേഷണം നടത്തിയാൽ മതിയോ എന്നെല്ലാം ഉള്ള ചോദ്യങ്ങൾ വരികയുണ്ടായി.

ശ്രീ. കെ. പുരുഷോത്തമൻ പിള്ള : കുറേങ്ങൾ കണ്ടുപിടിച്ചവരുടെ പേരിൽ കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അടിയന്തിരമായ നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : അന്വേഷിച്ച് ആവശ്യമായ നടപടികളെടുക്കാം.

ശ്രീ. സി കെ. രാഘവൻ : അന്വേഷണം നടത്തിയിട്ട് എന്തെങ്കിലും റിപ്പോർട്ട് ബഹുമാനപ്പെട്ട മന്ത്രിയ്ക്ക് കിട്ടിയിട്ടുണ്ടോ ?

ശ്രീ ഇ. കെ. ഇമ്പിച്ചിബാവ : പ്രാഥമികമായ ഒരു അന്വേഷണം നടത്തിയിട്ടാണ് സസ്പെൻഷനിൽ വച്ചിട്ടുള്ളത്. പ്രാഥമികമായ അന്വേഷണം നടത്തിയിട്ടുള്ളതിനെ സംബന്ധിച്ചുള്ള റിപ്പോർട്ട് കിട്ടിയിട്ടുണ്ട്.

ശ്രീ പി. പി ജോർജ്ജ് : കോർപ്പറേഷന്റെ കീഴിലുള്ള വിജിലൻസ് കുറ്റം കണ്ടുപിടിച്ചിട്ട് അതിനെക്കുറിച്ച് അന്വേഷിക്കുന്നതിനുള്ള നടപടികളും എടുക്കുന്നതിനും വൈകുന്നതിനുള്ള കാരണമെന്താണ് ?

ശ്രീ. ഇ കെ. ഇമ്പിച്ചിബാവ : കോർപ്പറേഷന്റെ കീഴിലുള്ള വിജിലൻസ് സ്കാഡ് അത്ര വിജിലന്റായിട്ടുള്ളതല്ല. അതുകൊണ്ട് ഡിപ്പാർട്ടുമെന്റ് ആകെ ഒന്ന് "റീഷഫിൾ" ചെയ്തതിന്റെ ഫലമായിട്ടാണ് ഇത്രയധികം കുറേങ്ങൾ കണ്ടുപിടിച്ചത്.

ശ്രീ കെ ജി. കുഞ്ഞുകൃഷ്ണപിള്ള : റിക്കറ്റ് വിൽപനയിൽ അൻപതു രൂപയിൽ കൂടുതൽ അപഹരണം നടത്തിയിട്ടുണ്ടെന്നു പ്രഥമദൃഷ്ടിയിൽ അന്വേഷണം നടത്തിയപ്പോൾ കണ്ടുപിടിച്ച് സസ്പെൻഷനിൽ നിറുത്തിയിട്ടുള്ള തൊഴിലാളികളിൽ ആരെയെങ്കിലും സർവ്വീസിൽ വീണ്ടും പ്രവേശിപ്പിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. കെ ഇമ്പിച്ചിബാവ : പ്രത്യേകം നോട്ടീസ് വേണം.

ശ്രീ. റ്റി. എം. മാത്തി : കോർപ്പറേഷന്റെ കീഴിലുള്ള വിജിലൻസ് സ്കാഡ് അത്ര എഫിഷ്യന്റായിട്ടുള്ളതല്ലെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അങ്ങനെയാണെന്നുണ്ടെങ്കിൽ അതിനെ ഡിപ്പാർട്ടു ചെയ്യാതെ ആ വകുപ്പിനെ പിരിച്ചു വിടാനുള്ള നടപടികളെടുക്കുമോ ?

ശ്രീ ഇ. കെ ഇമ്പിച്ചിബാവ : ആ വകുപ്പ് മുഴുവൻ എഫിഷ്യന്റായിട്ടുള്ളതല്ലയെന്നു ഞാൻ പറഞ്ഞില്ല. ഒന്നരണ്ടു ഉദ്യോഗസ്ഥന്മാർ അങ്ങനെയുണ്ടെന്നു വിചാരിച്ച് ആ വകുപ്പ് മുഴുവൻ തന്നെ പിരിച്ചു വിടേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കെ. ശേഷൻ : ഈ കാര്യങ്ങളെ സംബന്ധിച്ച് തീർപ്പു കൽപിക്കാനുള്ള സമിതിയുണ്ടെന്നു് പറഞ്ഞു. അതിനുള്ള മെഷീനറി ഏതാണു് ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഇതിനൊരു ബോർഡുണ്ടു്. അതിൽ ജനറൽ മാനേജരും എൻകപയറി ഓഫീസറുമുണ്ടു്. മാത്രമല്ല ഒരു അപ്പീൽ ബോർഡുമുണ്ടു്. അതിൽ ഡിസ്ട്രിക്ട് ജഡ്ജിയുടെ പദവിയിലുള്ള ഒരു ജഡ്ജിയുമുണ്ടു്. ആ ബോർഡിൽ വെച്ചാണു് ആവശ്യമായ നടപടികളും സ്വീകരിക്കുന്നതു്.

ശുദ്ധജലവിതരണം

* 188. [688] ശ്രീ എം. എം. തോമസു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പാലിറ്റികൾക്കു് ജലവിതരണത്തിനുള്ള പൈപ്പുകൾ പബ്ലിക് ഹെൽത്തു് എൻജിനീയറിംഗ് വകുപ്പിൽ നിന്നാണോ നൽകുന്നതു് ;

(ബി) ആണെങ്കിൽ ഈ പൈപ്പുകൾ ആരോടാണു് വാങ്ങുന്നതു് ; സർക്കാർ വക പ്രീമോ പൈപ്പു് ഫാക്ടറിയിൽ നിന്നല്ലാതെ പൈപ്പുകൾ വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരോടാണു് വാങ്ങിയിട്ടുള്ളതു് ;

(സി) പാലാ മുനിസിപ്പാലിറ്റിയിലെ ജലവിതരണത്തിനുള്ള പൈപ്പുകൾ പബ്ലിക് ഹെൽത്തു് എൻജിനീയറിംഗ് വകുപ്പിൽനിന്നു നൽകിയതാണോ ; ആണെങ്കിൽ എന്തു വിലയായി ?

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ) :

(എ) മുൻസിപ്പാലിറ്റികളിലെ ശുദ്ധജല വിതരണ പദ്ധതികൾക്കാവശ്യമായ പൈപ്പുകൾ ഡിപ്പാർട്ടുമെൻറിൽനിന്നും നേരിട്ടു വാങ്ങി ഉപയോഗിക്കുകയാണു് ചെയ്യാറുള്ളതു്.

(ബി) ജലവിതരണ പദ്ധതികൾക്കായി പല തരത്തിലുള്ള പൈപ്പുകൾ ഉപയോഗിക്കാറുണ്ടു്. കേരള പ്രീമോ പൈപ്പു് ഫാക്ടറിയിൽ പല അളവുകളിലുള്ള പ്രീ സ്ട്രെസ്ഡ് കോൺക്രീറ്റു് പൈപ്പുകളാണു് നിർമ്മിക്കപ്പെടുന്നതു്. ഈ പൈപ്പുകൾ ആവശ്യമുള്ളിടത്തോളം ആ ഫാക്ടറിയിൽനിന്നും, ആസ്ബസ്റ്റോസു് സിമൻറു് പൈപ്പുകൾ, കാസ്റ്റു് ഗാൽവനൈസ്ഡു് അയൺ പൈപ്പുകൾ മുതലായവ അതാതു നിർമ്മാതാക്കളിടേയോ, അവയുടെ അംഗീകൃത വിതരണക്കാരുടേയോ പക്കൽ നിന്നുമാണു് വാങ്ങിക്കുന്നതു്.

(സി) പാലാ ശുദ്ധജലവിതരണ പദ്ധതിക്കുവേണ്ടി ഉപയോഗപ്പെടുത്തിയിട്ടുള്ള പൈപ്പുകൾ പബ്ലിക്ക് ഹെൽത്തു് എൻജിനീയറിംഗ് വകുപ്പിൽനിന്നും വാങ്ങിയതാണു്. ഇതുവരെ ഉപയോഗപ്പെടുത്തിയിട്ടുള്ള പൈപ്പുകളുടേയും സ്പെഷ്യൽസുകളുടേയും വില 4,33,103 രൂപ 88 പൈസയാണു്.

ശ്രീ. എം. എം. തോമസു് : ഇന്ത്യൻ ഓയിൽ റിഫൈനറിയിൽനിന്നും റിജക്ട് ചെയ്തിട്ടുള്ള പൈപ്പുകൾ സ്വകാര്യവ്യക്തികൾ വാങ്ങുകയും, പബ്ലിക് ഹെൽത്തു് ഡിപ്പാർട്ടുമെൻറു് അതു് നെഗോഷിയേറു ചെയ്തു വാങ്ങി ഉപയോഗിക്കുകയുമാണു് ചെയ്തിട്ടുള്ളതെന്നകാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ഇപ്പോഴാണു് ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടതു്. അതേക്കുറിച്ചു് അന്വേഷിക്കാം.

ശ്രീ. കെ. എം. ജോർജ്ജു് : പബ്ലിക്കു് ഹെൽത്തു് ഡിപ്പാർട്ടുമെൻറു് സ്വകാര്യവ്യക്തികളിൽനിന്നും പൈപ്പു് വാങ്ങുകയുണ്ടായിട്ടുണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : അതേക്കുറിച്ചു് അന്വേഷിച്ചു് മറുപടി പറയാം.

LIBRARY ARCHIVES Kerala Legislative Assembly